# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 795</u> <u>03.12.2014 ൽ മറുപടിക്ക്</u>

**<u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. പി.റ്റി.എ.റഹീം** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വൃക്ക രോഗികൾക്ക് ദീർഘകാലം ചെലവേറിയ ചികിത്സകൾ തുടരേണ്ടിവരുന്നതിനാൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) വൃക്കരോഗികളുടെ എണ്ണം ഏറിവരുന്നത് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും, ജില്ല/ജനറൽ ആശുപത്രികളിലും, ഏതാനും താലൂക്കാശുപത്രികളിലും ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് പ്രത്യേക പരിഗണന ലഭിക്കുന്നുണ്ട്. RSBY-CHIS, CHIS plus പദ്ധതി പ്രകാരം നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള വൃക്കരോഗ ചികിത്സയ്ക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. 18 വയസ്സുവരെ പ്രായമുള്ളവർക്ക് RBSK ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ സൗജന്യ ചികിത്സ ലഭ്യമാണ്. ലോട്ടറി വകുപ്പിന്റെ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് സാമ്പത്തിക സഹായം നല്കിവരുന്നു. |
| (സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ശുപാർശകളൊന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ